പതിനാലാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3803 — 21/06/2018 ൽ മറുപടിക്ക്

# ഓട്ടോകാസ്റ്റിലെ പെൻഷൻ ആനുകൂല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമേഖല സ്ഥാപനമായ ഓട്ടോകാസ്റ്റിൽ നിന്നും പെൻഷൻ പറ്റിയ തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യം നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്, |
| (ബി) | നിലവിൽ എത്രപേർക്കാണ് പെൻഷൻ ആനുകൂല്യം കൊടുക്കേണ്ടത്; അതിന് വേണ്ടി എത്ര കോടി രൂപ വേണ്ടിവരും; | (ബി) | കമ്പനിയിൽ നിന്നും 2017 മുതൽ വിരമിച്ച ജീവനക്കാർക്ക് (23 പേർ) ഗ്രാറ്റുവിറ്റി തുകയായി എകദേശം 1.17 കോടി രൂപയും, 1997 മുതൽ നാളിതുവരെ പലപ്പോഴായി വിരമിച്ച ജീവനക്കാരുടെ (171 പേർ) ആർജിതാവധി തുക, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് തുക, ഗ്രാറ്റിവിറ്റി അരിയർ തുക, എൽ.റ്റി.എ/പേ-റിവിഷൻ അരിയർ തുക, ഡി.എ അരിയർ എന്നിവ ഉൾപ്പെടെ ഏകദേശം 2.33 കോടി രൂപയും പെൻഷൻ ആനുകൂല്യമായി നൽകുവാനുണ്ട്. |
| സി) | പെൻഷൻ ആനുകൂല്യം തൊഴിലാളികൾക്ക് നൽകാത്തതിന്റെ കാരണമെന്താണ്; | സി) | ആട്ടോകാസ്റ്റ് ഒരു പീഢിതവ്യവസായ സ്ഥാപനമായതിനാൽ ഉൽപാദന ലക്ഷ്യം കൈവരിയ്ക്കുവാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്ത സാഹചര്യത്തിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, വളരെ ബുദ്ധിമുട്ടിയാണ് നൽകിവരുന്നത്. നിലവിലുള്ള ഈ സാമ്പത്തിക പരാധീനത മൂലമാണ് സർവ്വീസിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യം നൽകുന്നതിന് കമ്പനിക്ക് സാധിക്കാതെ വരുന്നത്. |
| ഡി) | പെൻഷൻ ആനുകൂല്യം അടിയന്തരമായി നൽകുന്ന കാര്യം പരിഗണിക്കുമോ? | ഡി) | കമ്പനിയുടെ സാമ്പത്തിക സ്ഥിതിമെച്ചപ്പെടുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ